**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 201** **14-09-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബോർഡിന്റെ സേവനങ്ങൾക്കുള്ള ഫീസുകളിൽ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ബോർഡിൽ നിന്നും ലഭ്യമാക്കുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസുകൾ വർദ്ധിപ്പിക്കുന്നതിലൂടെ എത്ര രൂപയുടെ വരുമാന വർദ്ധനവ് ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വൈദ്യുതി നിയമം- 2003 -ലെ 46)-ാം വകുപ്പ് പ്രകാരം വൈദ്യുതി കണക്ഷൻ ആവശ്യപ്പെടുന്ന വ്യക്തിയിൽ നിന്നും കണക്ഷൻ നൽകുന്നതിന് ആവശ്യമായിട്ടുള്ള ചിലവ് (വൈദ്യുത ലൈനുകൾ, ട്രാൻസ്ഫോർമറുകൾ മുതലായവ) വിതരണ ലൈസെൻസിക്ക് ഈടാക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014-ന്റെ റെഗുലേഷൻ 33(1) -ൽ വൈദ്യുതി നിയമം 46)-ാം വകുപ്പ് പ്രകാരം ലൈസൻസിക്ക് സർവീസ് കണക്ഷനുകൾ നല്കുന്നതിലേക്ക് ഈടാക്കാവുന്ന ചെലവ് കണക്കാക്കാനായി സാധന സാമഗ്രി കളുടെയും ജോലിയുടെയും നിരക്കുകൾ ഉള്ള കോസ്റ്റ് ഡാറ്റയുടെയും നിർദ്ദേശം ലൈസൻസി വൈദ്യുതി റഗുലേറ്ററി കമ്മീഷന് മുൻപാകെ വർഷത്തിൽ ഒരിക്കൽ സമർപ്പിക്കേണ്ടതാണ്. ഇതിൻ പ്രകാരമാണ് 22-06-2023-ന് കെ.എസ്.ഇ.ബി.ലിമിറ്റഡ് OP No.36/2023- മുഖേന കമ്മീഷനിൽ നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷ പെറ്റിഷൻ മുഖേന സമർപ്പിച്ചിട്ടുള്ളത്.<br><br>2018-ൽ കമ്മീഷൻ അംഗീകരിച്ച നിരക്കാണ് ഇപ്പോൾ പ്രാബല്യത്തിൽ ഉള്ളത്. നിലവിലുള്ള സാധന സാമഗ്രികളുടെ നിരക്കും ജോലിയിലുള്ള നിരക്കുകളുടെ (Labour charges) വ്യത്യാസവും കണക്കിലെടുക്കുന്ന-തിലേക്കാണ്, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് റെഗുലേഷൻ 33(1)-ൽ എല്ലാ വർഷവും നിരക്ക് വർദ്ധനവിനുള്ള നിർദ്ദേശം ലൈസൻസി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ കെ.എസ്.ഇ.ബി.ലിമിറ്റഡ് നിരക്ക് വർദ്ധനവിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 09.09.2021-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം എല്ലാ പൊതുമേഖല |

| | | | |
|---|---|---|---|
| | | | സ്ഥാപന ങ്ങളിലും എഞ്ചിനിയറിങ് ഡിപ്പാർട്ട്മെന്റ് കളിലും ഗവൺമെന്റ് അംഗീകൃത ഏജൻസികളിലും നടത്തപ്പെടുന്ന പൊതു ആവശ്യങ്ങൾക്കുള്ള (Public Works) ജോലികളുടെ എസ്റ്റിമേറ്റ് DSR -2018 പ്രകാരവും ചീഫ് എഞ്ചിനിയർ PWD ഡിസൈൻ അഡ്മിനിസ്ട്രേഷൻ തയ്യാറാക്കുന്ന കോസ്റ്റ് ഇൻഡക്സ് പ്രകാരവും തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>ഈ ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ, DSR-2018 പ്രകാരവും, 09.09.2021-ൽ ചീഫ് എഞ്ചിനിയർ PWD പുറപ്പെടുവിച്ചിട്ടുള്ള വില സൂചികയുടെ ഉത്തരവ് പ്രകാരവും തയ്യാറാക്കിയിട്ടുള്ള ന്യായയുക്തമായ ലേബർ ചാർജ്ജും, (ജോലി കൂലി) സാധന സാമഗ്രികളുടെ മുൻകാലയളവിലെ ശരാശരി വിലയും കണക്കിലെടുത്താണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ഉപഭോക്താക്കൾക്ക് നൽകുന്ന വിവിധതരം സേവനങ്ങൾക്കുള്ള നിരക്കുകൾ തയ്യാറാക്കി കമ്മീഷനു മുമ്പാകെ അംഗീകാരത്തിന് വേണ്ടി സമർപ്പിച്ചിട്ടുള്ളത്. ഇത് ഇപ്പോഴും കമ്മീഷന്റെ പരിഗണനയിലാണ്. വിവിധതരം സേവനങ്ങൾ നൽകുന്നതിന് ആവശ്യമായ ന്യായയുക്തമായ ചിലവുകൾ മാത്രം പരിഗണിച്ച് നിരക്കുകൾ തയ്യാറാക്കിയിരിക്കുന്നതിനാൽ, 2018-19 ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കുകളേക്കാൾ കൂടുതൽ തുക വിവിധ സേവനങ്ങൾക്ക് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, ചെലവുകൾ (ലേബർ ചാർജ്, മെറ്റീരിയൽ കോസ്റ്റ്) താരതമ്യപ്പെടുത്തുമ്പോൾ, ഇത് മൂലം കെ.എസ്.ഇ.ബി ലിമിറ്റഡിന് അധിക വരുമാനം ഒന്നും ലഭിക്കുകയില്ല. സർവ്വീസ് കണക്ഷനുകൾക്ക് (വെതർ പ്രൂഫ് സിംഗിൾ ഫേസ് സർവ്വീസ് കണക്ഷൻ മുതൽ 100 കെ.വി.എ വരെയുള്ള ത്രീ ഫേസ് സർവ്വീസ് കണക്ഷനുകൾ -5 ഇനം) 2018-19 ൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച ശരാശരി നിരക്ക് 13026/- രൂപയാണ്. നിലവിൽ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പ്രകാരം ടി ശരാശരി തുക 14897/- ആകുന്നു. അതായത് വെതർ പ്രൂഫ് സർവ്വീസ് കണക്ഷനുകൾക്ക് ശുപാർശ ചെയ്തിട്ടുള്ള വർദ്ധനവ് 14.36 % ആണ്. |
| (ബി) | ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത വർദ്ധനവ് പിൻവലിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ? | (ബി) | ലേബർ ചാർജ്ജും, സാധന സാമഗ്രികളുടെ വിലയും അനിയന്ത്രിതമായി വർദ്ധിച്ചു വരുന്നതിനാൽ നിരക്കുകളിൽ പരിഷ്കരണം വരുത്തിയില്ലെങ്കിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി |

| | | | |
|---|---|---|---|
| | | | ബാധിക്കുമെന്നതിനാലാണ് നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷ കമ്മീഷൻ മുൻപാകെ സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ